പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1828 01.11.2019-ലെ മറുപടിക്ക്

# സേഫ് കേരള പദ്ധതി

| ചോദ്യം<br>ശ്രീ. പി.സി. ജോർജ് | മറുപടി<br>ശ്രീ. എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
|---|---|

| | | | |
|---|---|---|---|
| (എ) | 'സേഫ് കേരള' പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | റോഡപകടങ്ങൾ കുറച്ച് സുരക്ഷിത യാത്ര ഉറപ്പാക്കുക എന്ന പ്രധാന ലക്ഷ്യത്തോടെ കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹകരണത്തോടെ മോട്ടോർ വാഹന വകുപ്പ് നടപ്പാക്കുന്ന ബൃഹദ് പദ്ധതിയാണ് 'സേഫ് കേരള'. ഈ പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ ഡ്രൈവർ ഉൾപ്പെടെയുള്ള സ്ക്വാഡ് വാഹനങ്ങൾ Wet lease വ്യവസ്ഥയിൽ വാടകയ്ക്ക് എടുക്കുന്നതിനും കൺട്രോൾ റൂമിന് ആവശ്യമായ ആളുകളെ Outsource ചെയ്യുന്നതിനും റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിക്കുവാൻ ഉത്തരവായിട്ടുണ്ട്.<br>04/06/18-ലെ സ.ഉ.(കൈ) 42/2018/ ഗതാഗതം, 16.06.2018-ലെ സ.ഉ.(കൈ) 44/2018/ഗതാഗതം എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം സേഫ് കേരള പദ്ധതിയുടെ നടത്തിപ്പിനായി 10 ആർ.റ്റി.ഒ, 65 എം.വി.ഐ, 187 എ.എം.വി.ഐ എന്നിവരുടെ അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി പുതുതായി സൃഷ്ടിക്കപ്പെട്ട 34 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ ഉൾപ്പെടെയുള്ള 85 സ്ക്വാഡുകൾ നിലവിലുള്ള സംവിധാനങ്ങൾ ഉപയോഗിച്ച് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഇവർക്കാവശ്യമായ സ്ക്വാഡ്, വാഹനങ്ങൾ, ഡ്രൈവർമാർ സഹിതം 'wetlease' വ്യവസ്ഥയിൽ വാടകയ്ക്ക് എടുക്കുന്നതിനുള്ള ടെണ്ടർ നടപടികൾ അന്തിമ ഘട്ടത്തിലാണ്. ഈ വാഹനങ്ങളിൽ പട്രോളിംഗിന് ആവശ്യമായ എല്ലാവിധ ഉപകരണങ്ങളും സൗകര്യങ്ങളും മോട്ടോർ വാഹന വകുപ്പ് ഏർപ്പെടുത്തുന്നതാണ്.<br>ഇതിന് പുറമേ, മോട്ടോർ വാഹന വകുപ്പ് കണ്ടെത്തിയ 14 സ്ഥലങ്ങളിൽ കൺട്രോൾ റൂമുകൾ സ്ഥാപിക്കുന്നതിന് 13/12/2018 ലെ സ.ഉ.(കൈ) 70/2018/ഗതാഗതം എന്ന സർക്കാർ ഉത്തരവ് മുഖേന മോട്ടോർ വാഹന വകുപ്പിന് അനുമതി നൽകിയിട്ടുണ്ട്. ആയതിലേയ്ക്കായി എല്ലാ ജില്ലകളിലും കെട്ടിടങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. പ്രസ്തുത കെട്ടിടങ്ങൾ ആധുനികവത്കരിക്കുന്നതിനായി കെൽട്രോൺ തയ്യാറാക്കി സമർപ്പിച്ച രൂപരേഖ സർക്കാരിന്റെ പരിഗണനയിലാണ്. |

| | | | |
|---|---|---|---|
| | | | 'സേഫ് കേരള' പദ്ധതി ഔദ്യോഗികമായി നിലവിൽ വന്നതിന് ശേഷം സെപ്റ്റംബർ വരെ 2,18,536 കേസുകൾ രജിസ്റ്റർ ചെയ്യുകയും 25,15,07,275/- രൂപ പിഴയിനത്തിൽ ഈടാക്കുകയും ചെയ്തു. 'സേഫ് കേരള' യുടെ പ്രഖ്യാപിത ലക്ഷ്യമായ അപകടങ്ങൾ കുറയ്ക്കുക എന്നത് നടപ്പിലാക്കുന്നതിനായി ഈ സ്ക്വാഡുകൾ 24 മണിക്കൂറും അപകട സാധ്യതയുള്ള മേഖലകളിൽ പട്രോളിംഗ് നടത്തിവരുന്നു. യാത്രക്കാരോട് അപമര്യാദയായി പെരുമാറുകയും നിയമവിരുദ്ധ സർവ്വീസ് നടത്തുകയും ചെയ്യുന്ന രാത്രികാല സർവ്വീസുകൾക്ക് എതിരെ നടപടി എടുക്കുന്നതിലേയ്ക്കായി ആവിഷ്കരിച്ച 'Operation Night Riders' എന്ന പദ്ധതി പ്രകാരം 11,082 വാഹനങ്ങൾക്കെതിരെ നടപടി എടുക്കുകയും 4,27,77,850/- രൂപ പിഴയിനത്തിൽ ഈടാക്കുകയും ചെയ്തു.<br>കൂടുതൽ അപകടങ്ങൾ നടക്കുന്ന സ്ഥലങ്ങൾ, അപകടകരങ്ങളായ മരങ്ങൾ, ഇലക്ട്രിക്-ടെലിഫോൺ പോസ്റ്റുകൾ, റോഡിലെ കുഴികൾ എന്നിവ കണ്ടെത്തി അപകടങ്ങൾ കുറയ്ക്കാനുള്ള നിർദ്ദേശങ്ങൾ ജില്ലാ റോഡ് സുരക്ഷാ കൗൺസിലിന് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. അപകടങ്ങൾ നടക്കുന്ന സ്ഥലങ്ങളിൽ എത്തി ആദ്യ മണിക്കൂറിൽ തന്നെ (Golden Hour) പരിക്ക് പറ്റിയവരെ ഹോസ്പിറ്റലിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ, പോലീസ്, പി.ഡബ്ല്യു.ഡി. എന്നീ വകുപ്പുകളുമായി ചേർന്ന് ബോധവൽക്കരണ ക്ലാസ്സുകൾ ഉൾപ്പടെയുള്ള റോഡ് സുരക്ഷാ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | 'സേഫ് കേരള' പദ്ധതിയുമായി ബന്ധപ്പെട്ട് സർക്കാർ ഇതു വരെ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെയും, സർക്കുലറുകളുടെയും പകർപ്പുകൾ ലഭ്യമാണോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ? | (ബി) | ലഭ്യമാണ്. സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഗതാഗത വകുപ്പ് - കേരള റോഡ് സുരക്ഷാ അതോറിറ്റി - ട്രാഫിക് നിയമ ലംഘനം തടയുന്നതിനും റോഡപകടങ്ങൾ കുറയ്ക്കുന്നതിനും സേഫ് കേരള പ്രോജക്ട് നടപ്പിലാക്കുന്നതിന് അധിക തസ്തികകൾ സൃഷ്ടിക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഗതാഗത (ഡി) വകുപ്പ്**

സ.ഉ.(കൈ). നമ്പർ. 42/2018/ഗതാഗതം　　　　തിരുവനന്തപുരം, തീയതി: 04/06/2018

---

പരാമർശം: (1) 01.12.2017 ലെ ട്രാൻസ്പോർട്ട് കമ്മീഷണറുടെ E1/53/2017-TC നമ്പർ കത്ത്.
(2) 27.12.2017 ലെ 377/secy/Trans/2017 നമ്പർ കത്ത്.
(3) 20.01.2018 ലെ E1/12861/2013-TC നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2011-2020 കാലഘട്ടത്തെ റോഡ് സുരക്ഷയുടെ ദശകം ആയി യു.എൻ പൊതുസഭ പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ റോഡ് സേഫ്റ്റി വിഷൻ ഡോക്യുമെന്റ് എന്ന ആശയം മുന്നോട്ട് വച്ചു. 2020-ഓടുകൂടി എല്ലാ കേരളീയർക്കും വിനോദ സഞ്ചാരികൾക്കും സുരക്ഷിതവും തടസ്സരഹിതവുമായ യാത്രാസൗകര്യം എന്ന ലക്ഷ്യം കൈവരിക്കുന്നതിലേക്കായി റോഡ് സുരക്ഷാ വിദഗ്ധനായ ശ്രീ.പി.ഡി.സുനിൽബാബു തയ്യാറാക്കിയ 126.07 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന വിശദമായ പദ്ധതിരൂപരേഖ പരാമർശം(1) പ്രകാരം ഗതാഗത കമ്മീഷണർ സമർപ്പിച്ചിരുന്നു.

2. പ്രസ്തുത പദ്ധതി രേഖ സർക്കാർ തലത്തിൽ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ ഭേദഗതി വരുത്തി പുതുക്കിയ പദ്ധതിരേഖ സമർപ്പിക്കാൻ പരാമർശം (2) പ്രകാരം ട്രാൻസ്പോർട്ട് കമ്മീഷണറോട് നിർദ്ദേശിച്ചിരുന്നു.

3. പണമിടപാടും, വിവധ ക്ലറിക്കൽ ജോലികളും ഉൾപ്പെടുന്നതാകയാൽ ഈ പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ ജോലികൾ നിർവ്വഹിക്കുന്നതിന് പുറം കരാർ നൽകുന്നത് ഉചിതമല്ലായെന്നും, ആയതിനാൽ നിലവിലുള്ള എൻഫോഴ്സ്മെന്റ് ജീവനക്കാർക്ക് പുറമേ 14 ഹെഡ് അക്കൗണ്ടിന്റെയും 28 ക്ലർക്കിന്റെയും(ഓരോ കൺട്രോൾ റൂമിലും ഒരു ഹെഡ് അക്കൗണ്ടന്റ്, 2 ക്ലറിക്കൽ ജീവനക്കാർ എന്ന ക്രമത്തിൽ) അധിക തസ്തികകൾ അനുവദിക്കണമെന്നും 14 ജില്ലകളിലായി 51 പുതിയ സ്ക്വാഡുകൾ രൂപീകരിക്കേണ്ടതും, ആയതിലേക്ക് ആകെ 262 പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ടതായുണ്ടെന്നും ഈ പദ്ധതിയ്ക്ക് ആവശ്യമായ വാഹനങ്ങൾ ഡ്രൈവർമാർ സഹിതം പുറം കരാർ വ്യവസ്ഥയിൽ എടുക്കുന്നതൊഴികെ 262 പുതിയ തസ്തികകൾ ഉൾപ്പെടെ ആകെ 46.58 കോടി രൂപ മതിപ്പ് ചെലവ് പ്രതീക്ഷിക്കുന്നുവെന്നും പരാമർശം (3) പ്രകാരം ട്രാൻസ്പോർട്ട് കമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്ത് സേഫ് കേരള പദ്ധതി നടപ്പിലാക്കുന്നതിലേക്കായി 10 ആർ.ടി.ഒ, 65 എം.വി.ഐ, 187 എ.എം.വി.ഐ എന്നിവരുടെ 262 അധിക തസ്തികകൾ സൃഷ്ടിച്ച് ഉത്തരവാകുന്നു.

5. ഈ പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ സ്ക്വാഡ് വാഹനങ്ങൾ, ഡ്രൈവർ ഉൾപ്പെടെ out source ചെയ്ത് wet lease-ന് എടുക്കേണ്ടതും, കൺട്രോൾ റൂമിന് ആവശ്യമായ ആളുകളെ out source ചെയ്യേണ്ടതുമാണെന്നും ഇതിനാവശ്യമായ തുക കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ 3055-00-800-95(NP-C) എന്ന ശീർഷകത്തിൽ നിന്നും കണ്ടെത്താവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)
കെ.ആർ.ജ്യോതിലാൽ
പ്രിൻസിപ്പൽ സെക്രട്ടറി

ട്രാൻസ്പോർട്ട് കമ്മിഷണർ, തിരുവനന്തപുരം
റോഡ് സേഫ്റ്റി കമ്മീഷണർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ആഡിറ്റ്) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്(U.O No.738068/I&PW-A1/18/Fin തീയതി 30/05/2018)
പൊതുഭരണ(എസ്.സി)വകുപ്പ്(ഇനം.....................തീയതി..................)
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം
[signature]
സെക്ഷൻ ഓഫീസർ

കേരള സർക്കാർ

<u>സംഗ്രഹം</u>

ഗതാഗത വകുപ്പ് - കേരള റോഡ് സുരക്ഷാ അതോറിറ്റി - ട്രാഫിക് നിയമ ലംഘനം തടയുന്നതിനും റോഡപകടങ്ങൾ കുറയ്ക്കുന്നതിനും സേഫ് കേരള പ്രോജക്റ്റ് നടപ്പിലാക്കുന്നതിന് അധിക തസ്തികകൾ സൃഷ്ടിക്കാൻ അനുമതി നൽകിയ ഉത്തരവ് - ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഗതാഗത (ഡി) വകുപ്പ്

സ.ഉ.(കൈ). നമ്പർ. 44/2018/ഗതാഗതം. തിരുവനന്തപുരം, തീയതി: 16/06/2018

---

പരാമർശം :- 04/06/2018 -ലെ സ.ഉ. (കൈ) നം. 42/2018/ഗതാഗതം

<u>ഉത്തരവ്</u>

പരാമർശത്തിലെ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് സേഫ് കേരള പദ്ധതി നടപ്പിലാക്കുന്നതിലേക്കായി 10 ആർ.ടി.ഒ, 65എം.വി.ഐ, 187 എ.എം.വി.ഐ എന്നിവരുടെ 262 അധിക തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിരുന്നു.

പ്രസ്തുത ഉത്തരവിലെ 4 -ാം ഖണ്ഡിക താഴെ പറയും പ്രകാരം ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

"സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് സംസ്ഥാനത്ത് സേഫ് കേരള പദ്ധതി നടപ്പിലാക്കുന്നതിലേക്കായി 10 ആർ.ടി.ഒ, 65 എം.വി.ഐ, 187 എ.എം.വി.ഐ എന്നിവരുടെ ആകെ 262 അധിക തസ്തികകൾ മോട്ടോർ വാഹന വകുപ്പിൽ സൃഷ്ടിച്ച് ഉത്തരവാകുന്നു."

പരാമർശത്തിലെ ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)
കെ.ആർ.ജ്യോതിലാൽ
പ്രിൻസിപ്പൽ സെക്രട്ടറി

ട്രാൻസ്പോർട്ട് കമ്മിഷണർ, തിരുവനന്തപുരം
റോഡ് സേഫ്റ്റി കമ്മീഷണർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ആഡിറ്റ്) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്

പൊതുഭരണ(എസ്.സി)വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**സംഗ്രഹം**

ഗതാഗത വകുപ്പ് - ജീവനക്കാര്യം - സേഫ് കേരള പ്രൊജക്ട് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 51 പുതിയ എൻഫോഴ്സ്മെന്റ് സ്ക്വാഡുകളും, അധികമായി സൃഷ്ടിച്ച തസ്തികകൾക്കാവശ്യമായ ഓഫീസുകൾ രൂപീകരിച്ചും ജീവനക്കാരെ വിന്യസിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗതാഗതം(സി)വകുപ്പ്**

**സ.ഉ.(കൈ) നം.56/2018/ഗതാഗതം** തീയതി,തിരുവനന്തപുരം, 24/09/2018

**പരാമർശം:-** 1 സ.ഉ(കൈ)നം.42/2018/ഗതാഗതം തീയതി 04.06.2018.

2 സ.ഉ(കൈ)നം.44/2018/ഗതാഗതം തീയതി 16.06.2018.

3 ട്രാൻസ്പോർട്ട് കമ്മീഷണറുടെ 31.08.2018-ലെ A1/ഇ-66817/2018/റ്റി.സി(2) നമ്പർ കത്ത്.

4 സ.ഉ(കൈ)നം.54/2018/ഗതാഗതം തീയതി 07.09.2018.

**ഉത്തരവ്**

പരാമർശം (1) പ്രകാരം സംസ്ഥാനത്ത് സേഫ് കേരള പദ്ധതി നടപ്പിലാക്കുന്നതിനായി 10 റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരുടേയും 65 മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരുടെയും 187 അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരുടേയും പുതിയ തസ്തികകൾ സൃഷ്ടിച്ച് സർക്കാർ ഉത്തരവായിരുന്നു.

2)സേഫ് കേരള പ്രൊജക്ട് നടപ്പാക്കുന്നതിന്റെ ഭാഗമായി മോട്ടോർ വാഹനവകുപ്പിൽ നിലവിൽ 34 എൻഫോഴ്സ്മെന്റ് സ്ക്വാഡുകളിൽ പ്രവർത്തിച്ചു വരുന്ന 4 റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ, 34 മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാർ, 68 അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാർ എന്നിവർക്ക് പുറമേ അധികമായി സൃഷ്ടിക്കപ്പെട്ട തസ്തികകൾ ഉൾക്കൊള്ളുന്നതിനായി കൂടുതൽ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ വേണമെന്ന് പരാമർശം (3)-ലെ ട്രാൻസ്പോർട്ട് കമ്മീഷണറുടെ കത്തിൽ ആവശ്യപ്പെട്ടിരുന്നു. സർക്കാർ ഇക്കാര്യം പരിശോധിക്കുകയും നിലവിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 34 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾക്ക് പുറമേ പുതിയതായി 51 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ കൂടി 14 ജില്ലകളിലായി ചുവടെ പറയും പ്രകാരം രൂപീകരിച്ച് ഉത്തരവാകുന്നു.

| ജില്ലാ | നിലവിലുള്ള എൻഫോഴ്സ്മെന്റ് സ്ക്വാഡ് | പുതിയതായി അനുവദിച്ച എൻഫോഴ്സ്മെന്റ് സ്ക്വാഡ് | ആകെ എൻഫോഴ്സ്മെന്റ് സ്ക്വാഡ് |
|---|---|---|---|
| തിരുവനന്തപുരം | 4 | 4 | 8 |
| കൊല്ലം | 3 | 4 | 7 |
| പത്തനംതിട്ട | 2 | 3 | 5 |
| ആലപ്പുഴ | 2 | 4 | 6 |
| കോട്ടയം | 2 | 4 | 6 |
| ഇടുക്കി | 2 | 4 | 6 |
| എറണാകുളം | 4 | 4 | 8 |

| | | | |
|---|---|---|---|
| തൃശ്ശൂർ | 3 | 4 | 7 |
| പാലക്കാട് | 2 | 4 | 6 |
| മലപ്പുറം | 2 | 4 | 6 |
| കോഴിക്കോട് | 4 | 4 | 8 |
| വയനാട് | 1 | 2 | 3 |
| കണ്ണൂർ | 2 | 4 | 6 |
| കാസറഗോഡ് | 1 | 2 | 3 |
| **ആകെ** | **34** | **51** | **85** |

3)പുതുതായി രൂപീകരിച്ച 51 എൻഫോഴ്സ്മെന്റ് സ്ക്വാഡുകളും നിലവിലുണ്ടായിരുന്ന 34 എൻഫോഴ്സ്മെന്റ് സ്ക്വാഡുകളും ചേർന്ന 85 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ ജില്ലാ അടിസ്ഥാനത്തിലുള്ള 14 റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് (എൻഫോഴ്സ്മെന്റ്)-ന്റെ കീഴിൽ പ്രവർത്തിക്കേണ്ടതും, ഓരോ എൻഫോഴ്സ്മെന്റ് സ്ക്വാഡിലും ഒരു മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടറെയും (എൻഫോഴ്സ്മെന്റ്) (85x1=85), മൂന്ന് അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടറെയും (85x3=255) നിയമിക്കേണ്ടതും, അധികമുള്ള 14 മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരെ 14 കൺട്രോൾ റൂമുകളിലും വിന്യസിക്കേണ്ടതാണ്.

4)<u>എൻഫോഴ്സ്മെന്റ് സ്ക്വാഡുകളിൽ നിയമിതരാകുന്ന ഉദ്യോഗസ്ഥരുടെ കാലദൈർഘ്യം സംബന്ധിച്ച മാനദണ്ഡങ്ങൾ</u>

(i) എൻഫോഴ്സ്മെന്റ് സ്ക്വാഡുകളിൽ സേഫ് കേരള പ്രൊജക്റ്റിന്റെ ഭാഗമായി പുതുതായി നിയമനം ലഭിക്കുന്ന അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരെ 3 വർഷത്തേക്കും, മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരെ 2 വർഷത്തേക്കും റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരെ 1 വർഷത്തേക്കും എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ ഒഴികെയുള്ള ഓഫീസുകളിലേക്ക് മാറ്റി നിയമിക്കുന്നതല്ല.

(ii) എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ 8 മണിക്കൂർ ദൈർഘ്യമുള്ള 3 ഷിഫ്റ്റുകളിലായി 24 മണിക്കൂർ പ്രവർത്തിക്കേണ്ടതാണ്.

(iii) എൻഫോഴ്സ്മെന്റ് സ്ക്വാഡുകളിൽ നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥരുടെ ഡ്യൂട്ടി ക്രമങ്ങൾ നിശ്ചയിക്കുന്നത് ബന്ധപ്പെട്ട എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറുടെ ഉത്തരവാദിത്വമാണ്.

(iv) എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരുടെ പ്രവർത്തനം ട്രാൻസ്പോർട്ട് കമ്മീഷണർ നേരിട്ട് പരിശോധിക്കേണ്ടതാണ്.

( v ) എൻഫോഴ്സ്മെന്റ് വിഭാഗത്തിലെ ജീവനക്കാരുടെ എല്ലാ ജീവനക്കാര്യങ്ങളും അതാത് എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട് ഓഫീസിൽ തന്നെ കൈകാര്യം ചെയ്യേണ്ടതും എൻഫോഴ്സ്മെന്റ് സ്ക്വാഡുകളുടെ പ്രവർത്തനം സംബന്ധിച്ച ത്രൈമാസ റിപ്പോർട്ട് ഗതാഗത കമ്മീഷണർ കേരളാ റോഡ് സേഫ്റ്റി അതോറിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്.

5)മേൽപ്പറഞ്ഞ വിധത്തിൽ 14 റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് (എൻഫോഴ്സ്മെന്റ്) രൂപീകരിച്ചും, ചുവടെ പറയും പ്രകാരം ജീവനക്കാരെ വിന്യസിച്ചും ഉത്തരവാകുന്നു.

| ജില്ലാതലത്തിൽ രൂപീകൃതമായ എൻഫോഴ്സ്മെന്റ് സ്ക്വാഡ് | റീജിയണൽ ട്രാൻസ്പോർ ഓഫീസർ (എൻഫോഴ്സ്മെന്റ്) | മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാർ | അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാർ |
|---|---|---|---|
| തിരുവനന്തപുരം | 1 | 8 | 24 |
| കൊല്ലം | 1 | 7 | 21 |
| പത്തനംതിട്ട | 1 | 5 | 15 |
| ആലപ്പുഴ | 1 | 6 | 18 |
| കോട്ടയം | 1 | 6 | 18 |
| ഇടുക്കി | 1 | 6 | 18 |
| എറണാകുളം | 1 | 8 | 24 |
| തൃശ്ശൂർ | 1 | 7 | 21 |
| പാലക്കാട് | 1 | 6 | 18 |
| മലപ്പുറം | 1 | 6 | 18 |
| കോഴിക്കോട് | 1 | 8 | 24 |

| | | | |
|---|---|---|---|
| വയനാട് | 1 | 3 | 9 |
| കണ്ണൂർ | 1 | 6 | 18 |
| കാസറഗോഡ് | 1 | 3 | 9 |
| **ആകെ** | **14** | **85** | **255** |

6)പരാമർശം (4) പ്രകാരമുള്ള സർക്കാർ ഉത്തരവ് ഇതിനാൽ റദ്ദ് ചെയ്യുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**കെ.ആർ.ജ്യോതിലാല**
**പ്രിന്സിപ്പല് സെക്രട്ടറി**

ട്രാൻസ്പോർട്ട് കമ്മീഷണർ, തിരുവനന്തപുരം
റോഡ് സേഫ്റ്റി കമ്മീഷണർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (U.O.Note No.738068/I&PW-A1/2018/FIN)
ബന്ധപ്പെട്ട ട്രഷറി ഓഫീസർക്ക് (ട്രാൻസ്പോർട്ട് കമ്മീഷണർ മുഖേന)
വിവര പൊതുജനസമ്പർക്ക വകുപ്പ്
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :1) ബഹു. മുഖ്യമന്ത്രിയുടെ പി.എസ്
2) ബഹു. ഗതാഗത വകുപ്പ് മന്ത്രിയുടെ പി.എസ്
3) ട്രാൻസ്പോർട്ട് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ

'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

ഗതാഗത വകുപ്പ് - സേഫ് കേരള പദ്ധതി - ട്രാഫിക് നിയമലംഘനം തടയുന്നതിനും റോഡപകടങ്ങൾ കുറയ്ക്കുന്നതിനുമായി ആവിഷ്കരിച്ച സേഫ് കേരള പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ജില്ലകളിൽ മോട്ടോർ വാഹന വകുപ്പ് കണ്ടെത്തിയ സ്ഥലങ്ങളിൽ കൺട്രോൾ റൂമുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഗതാഗത (എ) വകുപ്പ്

സ.ഉ.(കൈ) നം.70/2018/ഗതാഗതം തീയതി,തിരുവനന്തപുരം, 13/12/2018

---

പരാമർശം:-1 04.06.2018-ലെ സ.ഉ.(കൈ) നം. 42/2018/ഗതാഗതം നമ്പർ സർക്കാർ ഉത്തരവ്.

2 16.06.2018-ലെ സ.ഉ.(കൈ) നം. 44/2018/ഗതാഗതം നമ്പർ സർക്കാർ ഉത്തരവ്.

3 24.09.2018 ലെ സ.ഉ.(കൈ) നം. 56/2018/ഗതാഗതം നമ്പർ സർക്കാർ ഉത്തരവ്.

4 ഗതാഗത കമ്മീഷണറുടെ 14.11.2018-ലെ എഫ്4/ഇ-69291/റ്റി.സി/2018 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കേരളത്തിലെ റോഡുകളിൽ ട്രാഫിക് നിയമലംഘനം തടയുന്നതിനും റോഡപകടങ്ങൾ കുറയ്ക്കുന്നതിനുമായി ആവിഷ്കരിച്ച സേഫ് കേരള പദ്ധതിയുടെ നടത്തിപ്പിനായി 10 ആർ.ടി.ഒ., 65 എം.വി.ഐ, 187 എ.എം.വി.ഐ എന്നിവരുടെ 262 അധിക തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് പരാമർശം (1), (2) എന്നിവ പ്രകാരം സർക്കാർ ഉത്തരവായിരുന്നു. തുടർന്ന്, പദ്ധതി നടത്തിപ്പിനായി 51 പുതിയ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ 14 ജില്ലകളിലായി രൂപീകരിച്ചുകൊണ്ടും ജീവനക്കാരെ വിന്യസിച്ചുകൊണ്ടും പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

2. സേഫ് കേരള പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിനായി എല്ലാ ജില്ലകളിലും കൺട്രോൾ റൂമുകൾ സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള കെട്ടിടങ്ങൾ കണ്ടെത്തി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരികയാണെന്നും ഇതിനായി കണ്ടെത്തിയ സ്ഥലങ്ങൾക്ക് അനുമതി നൽകി ഉത്തരവാകണമെന്നും പരാമർശം (3) പ്രകാരം ഗതാഗത കമ്മീഷണർ അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സേഫ് കേരള പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ജില്ലകളിൽ മോട്ടോർ വാഹന വകുപ്പ് കണ്ടെത്തിയ, ചുവടെ ചേർത്തിരിക്കുന്ന, സ്ഥലങ്ങളിൽ കൺട്രോൾ റൂമുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

→

| നമ്പർ | ജില്ല | സ്ഥലം |
|---|---|---|
| 1 | തിരുവനന്തപുരം | തിരുവനന്തപുരം |
| 2 | കൊല്ലം | കൊട്ടാരക്കര |
| 3 | പത്തനംതിട്ട | തിരുവല്ല |
| 4 | ആലപ്പുഴ | അമ്പലപ്പുഴ |
| 5 | കോട്ടയം | ഏറ്റുമാനൂർ |
| 6 | ഇടുക്കി | തൊടുപുഴ |
| 7 | എറണാകുളം | എറണാകുളം |
| 8 | തൃശ്ശൂർ | ചാലക്കുടി |
| 9 | പാലക്കാട് | പാലക്കാട് |
| 10 | മലപ്പുറം | കോട്ടക്കൽ |
| 11 | കോഴിക്കോട് | ചേവായൂർ |
| 12 | വയനാട് | കൽപ്പറ്റ |
| 13 | കണ്ണൂർ | മട്ടന്നൂർ |
| 14 | കാസർഗോഡ് | കാസർഗോഡ് ടൗൺ |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**കെ.ആര്.ജ്യോതിലാല്**
**പ്രിന്സിപ്പല് സെക്രട്ടറി**

ഗതാഗത കമ്മീഷണർ, തിരുവനന്തപുരം
റോഡ് സേഫ്റ്റി കമ്മീഷണർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്) കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ്(ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് : ഗതാഗത വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ഗതാഗത വകുപ്പ്- സേഫ് കേരള പദ്ധതി- വാഹനങ്ങൾ വെറ്റ് ലീസിനെടുക്കുന്ന Request for Proposal (RFP), പുതിയ കൺട്രോൾ റൂമുകൾ സ്ഥാപിക്കുന്നതിനുള്ള Expression of Interest എന്നിവയ്ക്ക് ഭരണാനുമതി നൽകിക്കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗതാഗത (എ) വകുപ്പ്

സ.ഉ.(സാധാ) നം.22/2019/ഗതാഗതം തീയതി,തിരുവനന്തപുരം, 18/01/2019

പരാമർശം:- 1 13.12.2018- ലെ സ.ഉ.(കൈ) നം.70/2018/ഗതാഗതം നമ്പർ സർക്കാർ ഉത്തരവ്.

2 ഗതാഗത കമ്മീഷണറുടെ 04.10.2018, 13.11.2018 എന്നീ തീയതികളിലെ ഇ1/2861/2018/റ്റി.സി. നമ്പർ കത്തുകൾ

ഉത്തരവ്

കേരളത്തിലെ റോഡുകളിൽ ട്രാഫിക് നിയമലംഘനം തടയുന്നതിനും റോഡപകടങ്ങൾ കുറച്ച് റോഡ് സുരക്ഷ ഉറപ്പാക്കുന്നതിനുമായി ആവിഷ്ക്കരിച്ച സേഫ് കേരള പദ്ധതിയുടെ നടത്തിപ്പിനായി എല്ലാ ജില്ലകളിലും മോട്ടോർ വാഹന വകുപ്പ് കണ്ടെത്തിയ സ്ഥലങ്ങളിൽ കൺട്രോൾ റൂമുകൾ സ്ഥാപിക്കുന്നതിന് പരാമർശം (1) പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്

2. സേഫ് കേരള പദ്ധതിയുമായി ബന്ധപ്പെട്ട് വാഹനങ്ങൾ വെറ്റ് ലീസിന് എടുക്കുന്നതിനുള്ള കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ approval ഉൾപ്പെടുത്തി പരിഷ്ക്കരിച്ച Request For Proposal-നും (RFP), Outsourcing മാതൃകയിൽ ഉദ്യോഗസ്ഥരെ നിയമിച്ചുകൊണ്ട് കൺട്രോൾ റൂമുകൾ സ്ഥാപിക്കുന്നതിനുള്ള Expression of Interest പ്രസിദ്ധീകരിക്കുന്നതിനും ഭരണാനുമതി നൽകണമെന്ന് പരാമർശം (2) ലെ കത്തിൻ പ്രകാരം ഗതാഗത കമ്മീഷണർ അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സേഫ് കേരള പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾക്ക് വേണ്ടിയുള്ള വാഹനങ്ങൾ വെറ്റ് ലീസ് വ്യവസ്ഥയിൽ എടുക്കുന്നതിന് കേരള റോഡ് സേഫ്റ്റി അതോറിറ്റി സമർപ്പിച്ച Request For Proposal (RFP)-ക്കും, Outsourcing മാതൃകയിൽ ഉദ്യോഗസ്ഥരെ നിയമിച്ച് കൊണ്ട് കൺട്രോൾ റൂമുകൾ സ്ഥാപിക്കുന്നതിനുള്ള Expression of Interest

പ്രസിദ്ധീകരിക്കുന്നതിനും ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാര

മാലതി എസ്

അഡീഷണല് സെക്രട്ടറി

ഗതാഗത കമ്മീഷണർ, തിരുവനന്തപുരം.
റോഡ് സുരക്ഷ കമ്മീഷണർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ആഡിറ്റ്), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( എ & ഇ), കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ്

(ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

പകർപ്പ് : ഗതാഗത വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ഗതാഗത വകുപ്പ് - സേഫ് കേരള പദ്ധതി ജില്ലകളിൽ കൺട്രോൾ റൂമുകൾ സ്ഥാപിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് കണ്ടെത്തിയ കെട്ടിടങ്ങൾ ഏറ്റെടുക്കുന്നതിനും കോഴിക്കോട് ജില്ലയിൽ മോട്ടോർ വാഹന വകുപ്പിന്റെ സ്ഥലത്ത് കൺട്രോൾ റൂം സ്ഥാപിക്കുന്നതിനും അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗതാഗത (എ) വകുപ്പ്

സ.ഉ.(സാധാ) നം.23/2019/ഗതാഗതം തീയതി,തിരുവനന്തപുരം, 18/01/2019

പരാമർശം:- 1 04.06.2018- ലെ സ.ഉ.(കൈ) നം.42/2018/ഗതാഗതം നമ്പർ സർക്കാർ ഉത്തരവ്.

2 16.06.2018- ലെ സ.ഉ.(കൈ) നം.44/2018/ഗതാഗതം നമ്പർ സർക്കാർ ഉത്തരവ്.

3 24.09.2018- ലെ സ.ഉ.(കൈ) നം.56/2018/ഗതാഗതം നമ്പർ സർക്കാർ ഉത്തരവ്.

4 13.12.2018- ലെ സ.ഉ.(കൈ) നം.70/2018/ഗതാഗതം നമ്പർ സർക്കാർ ഉത്തരവ്.

5 ഗതാഗത കമ്മീഷണറുടെ 31.12.2018 -ലെ എഫ് 4/ഇ-69291/റ്റി.സി/2018 നമ്പർ കത്ത്.

ഉത്തരവ്

കേരളത്തിലെ റോഡുകളിൽ ട്രാഫിക് നിയമലംഘനം തടയുന്നതിനും റോഡപകടങ്ങൾ കുറച്ച് റോഡ് സുരക്ഷ ഉറപ്പാക്കുന്നതിനുമായി ആവിഷ്കരിച്ച സേഫ് കേരള പദ്ധതിയുടെ നടത്തിപ്പിനായി 262 അധിക തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് പരാമർശം (1), (2) എന്നിവ പ്രകാരം സർക്കാർ ഉത്തരവായിരുന്നു. തുടർന്ന്, സേഫ് കേരള പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിനായി 51 പുതിയ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ 14 ജില്ലകളിലായി രൂപീകരിച്ചുകൊണ്ടും ജീവനക്കാരെ വിന്യസിച്ചുകൊണ്ടും എല്ലാ ജില്ലകളിലും മോട്ടോർ വാഹന വകുപ്പ് കണ്ടെത്തിയ സ്ഥലങ്ങളിൽ കൺട്രോൾ റൂമുകൾ സ്ഥാപിക്കുന്നതിനും പരാമർശം (3), (4) പ്രകാരം സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചു.

2. സേഫ് കേരള പദ്ധതിയുമായി ബന്ധപ്പെട്ട് കൺട്രോൾ റൂമുകൾ സ്ഥാപിക്കുന്നതിനായി പത്തനംതിട്ട, കോട്ടയം, ഇടുക്കി, തൃശ്ശൂർ, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ കണ്ടെത്തിയ കെട്ടിടങ്ങൾ വ്യവസ്ഥകൾക്ക് വിധേയമായി ഏറ്റെടുക്കുന്നതിനും, കോഴിക്കോട് ജില്ലയിൽ

മോട്ടോർ വാഹന വകുപ്പിന്റെ സ്ഥലത്ത് കൺട്രോൾ റൂം സ്ഥാപിക്കുന്നതിനും അനുമതി നൽകണമെന്ന് പരാമർശം (5) പ്രകാരം ഗതാഗത കമ്മീഷണർ അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സേഫ് കേരള പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി പത്തനംതിട്ട ജില്ലയിൽ കേരള ഭവന നിർമ്മാണ ബോർഡിന്റെ വ്യവസ്ഥകൾക്ക് വിധേയമായും, കോട്ടയം, ഇടുക്കി, കണ്ണൂർ എന്നീ ജില്ലകളിൽ പി.ഡബ്ല്യൂ.ഡി. നിരക്കിൽ വാടകയ്ക്ക് നൽകാമെന്ന കെട്ടിട ഉടമയുടെ സമ്മതപത്രത്തിന് വിധേയമായും തൃശ്ശൂർ, കാസർഗോഡ് ജില്ലകളിൽ ബി.എസ്.എൻ.എൽ നൽകിയ വ്യവസ്ഥകൾക്ക് വിധേയമായും കെട്ടിടങ്ങൾ ഏറ്റെടുക്കുന്നതിനും കോഴിക്കോട് ജില്ലയിൽ മോട്ടോർ വാഹന വകുപ്പിന്റെ സ്ഥലത്ത് കൺട്രോൾ റൂം സ്ഥാപിക്കുന്നതിനും അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മാലതി എസ്**
**അഡീഷണല് സെക്രട്ടറി**

ഗതാഗത കമ്മീഷണർ, തിരുവനന്തപുരം.
റോഡ് സുരക്ഷാ കമ്മീഷണർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( എ & ഇ), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ആഡിറ്റ്), കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ്
(ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് : ഗതാഗത വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ.

'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

ഗതാഗത വകുപ്പ് - ജീവനക്കാര്യം - സേഫ് കേരള പദ്ധതിയുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളും നിർദ്ദേശങ്ങളും വ്യക്തമാക്കിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ഗതാഗതം(സി)വകുപ്പ്

**സ.ഉ.(കൈ) നം.20/2019/ഗതാഗതം** തീയതി,തിരുവനന്തപുരം, 02/03/2019

---

പരാമർശം:- 1 ബഹു.ഗതാഗത വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയുടെ 01.03.2019-ലെ 627/PS/2019/M/T നമ്പർ കുറിപ്പ്

<u>ഉത്തരവ്</u>

സേഫ് കേരള പദ്ധതിയുടെ നടത്തിപ്പിനു വേണ്ടി ചുവടെ പറയുന്ന നടപടിക്രമങ്ങളും നിർദ്ദേശങ്ങളും പാലിക്കേണ്ടതാണ്

1. ആർ.ടി.ഒ കേഡറിലുള്ള ഒരു ഉദ്യോഗസ്ഥനെ സേഫ് കേരള പദ്ധതിയുടെ സംസ്ഥാന നോഡൽ ഓഫീസറായി ജോയിൻറ് ട്രാൻസ്പോർട്ട് കമ്മീഷണറുടെ (എൻഫോഴ്സ്മെൻറ്) നിയന്ത്രണത്തിൽ സർക്കാർ നിയമിക്കുകയോ ചാർജ്ജ് നൽകുകയോ ചെയ്യുന്നതാണ്.

2. എൻഫോഴ്സ്മെൻറ് സ്ക്വാഡുകൾ അതാത് ജില്ലകളിലെ ആർ.ടി.ഒ എൻഫോഴ്സ്മെൻറിൻറ നിയന്ത്രണത്തിലായിരിക്കേണ്ടതാണ്.

3. എൻഫോഴ്സ്മെൻറ് സ്ക്വാഡിലെ ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള എല്ലാ എസ്റ്റാബ്ലിഷ്മെൻറ് ജോലികളും മറ്റൊരു ഉത്തരവ് ഉണ്ടാകുന്നത് വരെ ജില്ലാ ആസ്ഥാനത്തുള്ള ആർ.ടി ഓഫീസിൽ ചെയ്യേണ്ടതാണ്.

4. എല്ലാ ആർ.ടി.ഒ (എൻഫോഴ്സ്മെൻറ്) -മാരെയും കാലതാമസം കൂടാതെ ഡി.ഡി.ഒ-മാർ ആക്കേണ്ടതും ട്രഷറിയുമായി ബന്ധപ്പെട്ട് അത് സംബന്ധിച്ച ക്രമീകരണങ്ങൾ നടത്തേണ്ടതുമാണ്. ഡി.ഡി.ഒ-മാർ ആകുന്ന മുറയ്ക്ക് എൻഫോഴ്സ്മെൻറ് സ്ക്വാഡിലെ ജീവനക്കാരുടെ ശമ്പള ബില്ലുകൾ ഉൾപ്പെടെയുള്ള, ട്രഷറിയിൽ നിന്ന് മാറേണ്ട എല്ലാ ബില്ലുകളും പ്രസ്തുത ഡി.ഡി.ഒ തയ്യാറാക്കി നൽകേണ്ടതാണ്. ട്രാൻസ്പോർട്ട് കമ്മീഷണറുടെ ഓഫീസിലെ സീനിയർ ഫിനാൻസ് ഓഫീസർ ഇതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് ഫിനാൻസ് ഓഫീസർ വിവരം റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് ഖണ്ഡിക 3-ൽ പറയുന്ന നടപടികളിൽ മാറ്റം വരുത്തി പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

5. എൻഫോഴ്സ്മെൻറ് സ്ക്വാഡിലെ ജീവനക്കാരുടെ ലീവ് അനുവദിക്കുന്ന അധികാരി ആർ.ടി.ഒ (എൻഫോഴ്സ്മെൻറ്) ആയിരിക്കുന്നതും എല്ലാ മാസവും 20-ാം തീയതിക്ക് മുൻപായി ശമ്പളം കണക്കാക്കുന്നതിനു വേണ്ടിയുള്ള അൻറൻഡൻസ് സ്റ്റേറ്റ്മെൻറ് തയ്യാറാക്കേണ്ടതും മറ്റൊരു ഉത്തരവ് വരെ ബന്ധപ്പെട്ട ആർ.ടി.ഒമാർക്ക് ആർ.ടി.ഒ (എൻഫോഴ്സ്മെൻറ്) കൈമാറേണ്ടതുമാണ്.

6. ജീവനക്കാരുടെ പ്രോബേഷൻ, ഇൻക്രിമെൻറ് തുടങ്ങിയവ അനുവദിക്കുന്നതിനുള്ള അപേക്ഷകൾ ആർ.ടി.ഒ (എൻഫോഴ്സ്മെൻറ്) സ്വീകരിക്കേണ്ടതും ശുപാർശ സഹിതം നിയമനാധികാരിയ്ക്ക് നൽകേണ്ടതുമാണ്. ഇൻക്രിമെൻറിന്റെ അപേക്ഷ അനുവദിക്കാൻ ഉത്തരവാദിത്തപ്പെട്ട ഓഫീസർക്ക് കൈമാറാവുന്നാതാണ്.

7. സ്ക്വാഡിൽ ഉൾപ്പെട്ട ജീവനക്കാരുടെ പ്രൊബേഷൻ ഡിക്ലറേഷൻ, കോൺഫിഡൻഷ്യൽ റിപ്പോർട്ട് നൽകൽ എന്നിവയ്ക്ക് സ്ക്വാഡിലെ പ്രവർത്തന മികവ് കൂടി കണക്കാക്കേണ്ടതാണ്.

8. നോഡൽ ഓഫീസർ എല്ലാ മാസവും എൻഫോഴ്സ്മെൻറ് സ്ക്വാഡുകൾക്കുള്ള പ്രവർത്തന ലക്ഷ്യം നിശ്ചയിച്ച് നൽകേണ്ടതും പ്രവർത്തന പുരോഗതി വിലയിരുത്തി മോട്ടോർ വാഹന വകുപ്പ് മേലധികാരിയ്ക്കും സർക്കാറിനും റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

9. എൻഫോഴ്സ്മെൻറ് സ്ക്വാഡിനുള്ള ടി.ആർ 5 രസീതുകൾ ആർ.ടി.ഒ (എൻഫോഴ്സ്മെൻറ്) രജിസ്റ്ററിൽ ചേർത്ത് വിതരണം ചെയ്യേണ്ടതും രസീത് പ്രകാരം ഈടാക്കുന്ന തുക യഥാസമയം ഒടുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്. എല്ലാ സ്ക്വാഡുകളും ഈടാക്കുന്ന പിഴ തുക സ്ക്വാഡിലെ എം.വി.ഐ സ്വീകരിച്ച് ബന്ധപ്പെട്ട ഹെഡിൽ അതതു ജില്ലകളിലെ ട്രഷറിയിൽ ഒടുക്കുകയും അതിൻറെ ഓഫീസ് ചെല്ലാനും പിഴതുകയുടെ സ്റ്റേറ്റ്മെൻറ് ആർ.ടി.ഒ (എൻഫോഴ്സ്മെൻറ്)-ന് നൽകേണ്ടതുമാണ്. പിഴ തുക ഈടാക്കി ഒടുക്കുന്നതിനു വേണ്ടി സ്ക്വാഡിലുള്ള എല്ലാ എം.വി.ഐ മാരും ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങൾ എല്ലാ ദിവസവും ആർ.ടി.ഒ (എൻഫോഴ്സ്മെൻറ്) -നെ അറിയിക്കേണ്ടതും അതിനനുസരിച്ച് ആർ.ടി.ഒ (എൻഫോഴ്സ്മെൻറ്) ഓഫീസിലെ ക്യാഷ് ബുക്ക് റെമിറ്റൻസ് രജിസ്റ്റർ എന്നിവ എഴുതി പരിപാലിക്കുകയും വേണ്ടതാണ്. ഡി.റ്റി.ഒ -മാർ മൂന്ന് മാസത്തിലൊരിക്കൽ ക്യാഷ് ബുക്ക് രജിസ്റ്റർ, റെമിറ്റൻസ് രജിസ്റ്റർ, ചെല്ലാൻ കോപ്പി, റ്റി.ആർ 5 രസീത് എന്നിവ പരിശോധിച്ച് കൃത്യത ഉറപ്പാക്കണം. ഇക്കാര്യത്തിൽ വരുത്തുന്ന വീഴ്ച ഗൗരവതരമായ കുറ്റമായി കണക്കാക്കി നടപടി സ്വീകരിക്കേണ്ടതാണ്.

10. ആഴ്ചയിലെ അവസാനത്തെ പ്രവർത്തി ദിവസം ആർ.ടി.ഒ (എൻഫോഴ്സ്മെൻറ്) തൻറെ കീഴിലുള്ള സ്ക്വാഡുകളുടെ പ്രവർത്തനം അവലോകനം നടത്തേണ്ടതാണ്.

11. നോഡൽ ഓഫീസർ ആവശ്യപ്പെടുന്ന രേഖകൾ ആർ.ടി.ഒ (എൻഫോഴ്സ്മെൻറ്), ആർ.ടി.ഒ /ജോയിൻറ് ആർ.ടി.ഒ എന്നിവർ നൽകാൻ ബാദ്ധ്യസ്ഥരാണ്. ഇതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ നോഡൽ ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ നടപടി സ്വീകരിക്കുന്നതാണ്.

12. സ്ക്വാഡുകളുടെ പ്രവർത്തനം ആഴ്ചയിൽ 3 പ്രാവശ്യം പകലും 2 പ്രാവശ്യം രാത്രി 8 മണിയ്ക്ക് ശേഷവും ആർ.ടി.ഒ (എൻഫോഴ്സ്മെൻറ്) നേരിട്ട് പരിശോധിച്ച് ജീവനക്കാർ ഫീൽഡിൽ ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഈ പരിശോധന ആഴ്ചയിൽ ഒരു തവണയെങ്കിലും ആർ.ടി.ഒ-മാരും ഡി.ടി.സി മാരും നടത്തിയിരിക്കേണ്ടതും ഡി.ടി.സി തൻറെ പരിശോധന റിപ്പോർട്ട് ട്രാൻസ്പോർട്ട് കമ്മീഷണർക്കും സർക്കാറിലും സമർപ്പിക്കേണ്ടതുമാണ്. ഇതുകൂടാതെ സർപ്രൈസ് ചെക്കുകളും നടത്തേണ്ടതാണ്.

13. എൻഫോഴ്സ്മെൻറ് പ്രവർത്തനം 24 മണിക്കൂറും ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. എൻഫോഴ്സ്മെൻറിലേക്ക് നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ കൃത്യസമയത്ത് ഡ്യൂട്ടിയിൽ ഹാജരായിരിക്കേണ്ടതും വീഴ് ച്ച വരുത്തുന്നതായി കണ്ടെത്തിയാൽ കർശന ശിക്ഷണ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. നോഡൽ ഓഫീസർക്കു ശിക്ഷണനടപടിക്ക് ശിപാർശ ചെയ്യുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്.

14. എൻഫോഴ്സ്മെൻറ് സ്ക്വാഡിനെക്കുറിച്ച് വരുന്ന പരാതികൾ ആർ.ടി.ഒ (എൻഫോഴ്സ്മെൻറ്) പരിശോധിക്കുകയും ഒരു റിപ്പോർട്ട് തയ്യാറാക്കി തന്റെ ശുപാർശകൾ സഹിതം ഡി.ടി.സി.മാർക്ക് സമർപ്പിക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ ഡി.ടി.സി. മാർ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

15. എം.വി.ഐ-മാർ തങ്ങളുടെ സ്ക്വാഡുകളുടെ പ്രവർത്തനം നിയന്ത്രിക്കേണ്ടതും ചെക്ക് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് പുതിയതായി വരുന്ന എ.എം.വി.ഐ മാർക്ക് പരിശീലനം നൽകേണ്ടതുമാണ്. എ.എം.വി.ഐ. മാർ തയ്യാറാക്കുന്ന ചെക്കു റിപ്പോർട്ടുകൾ എം.വി.ഐ നിർബന്ധമായും പരിശോധിച്ചിരിക്കേണ്ടതാണ്.

16. എൻഫോഴ്സ്മെൻറ് സ്ക്വാഡിന്റെ ചെക്ക് റിപ്പോർട്ടുകൾ (RTO/JRTO) ഏത് ഓഫീസിന്റെ അധികാര പരിധിയിൽ നിന്നാണോ കേസ് ഉണ്ടായത് അവിടെ മാത്രം നൽകേണ്ടതും അതിന്റെ ഒരു പകർപ്പ് ബന്ധപ്പെട്ട ആർ.ടി.ഒ എൻഫോഴ്സ്മെൻറിന് കൈമാറേണ്ടതുമാണ്.

17. ചെക്ക് റിപ്പോർട്ടുകൾ ഇല്ലാതെ റ്റി.ആർ. 5 രസീത് എഴുതി ഒരു കാരണവശാലും പിഴ ഈടാക്കാൻ പാടില്ല. അത്തരത്തിലുള്ള നടപടി ശ്രദ്ധയിൽപ്പെട്ടാൽ ഗുരുതരമായ അച്ചടക്കലംഘനമായി

കണക്കാക്കി നടപടി സ്വീകരിക്കേണ്ടതാണ്.

18. പിഴ ഒടുക്കാത്ത കേസുകളിൽ ഒരാഴ്ചയ്ക്കുള്ളിൽ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രോസിക്യൂഷൻ നടപടികൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യമെങ്കിൽ നോഡൽ ഓഫീസർ തയ്യാറാക്കി നൽകേണ്ടതാണ്.

19. കൂടുതൽ അപകടങ്ങൾ വരുന്ന സ്ഥലങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിനും (റോഡ് ആഡിറ്റ്) അപകടകരമായ മരങ്ങൾ, ഇലക്ട്രിക്/ടെലിഫോൺ പോസ്റ്റുകൾ, റോഡിലെ കുഴികൾ തുടങ്ങിയവ കണ്ടെത്തി അപകടങ്ങൾ കുറയ്ക്കാൻ സ്വീകരിക്കാവുന്ന മാർഗങ്ങൾ സംബന്ധിച്ച് ഒരു റിപ്പോർട്ട് ആർ.ടി.ഒ (എൻഫോഴ്സ്മെൻറ്)-ന് നൽകുന്നതിനും സ്ക്വാഡുകൾ നടപടി സ്വീകരിക്കേണ്ടതാണ്. ആർ.ടി.ഒ (എൻഫോഴ്സ്മെൻറ്) ഇത്തരം റിപ്പോർട്ടുകൾ ക്രോഡീകരിച്ച് ബന്ധപ്പെട്ട ജില്ലാ റോഡ് സേഫ്റ്റി കൗൺസിലിനും ഗതാഗത കമ്മീഷണർക്കും റോഡ് സേഫ്റ്റി കമ്മീഷണർക്കും സർക്കാറിനും കുറഞ്ഞത് ആറ് മാസത്തിലൊരിക്കൽ സമർപ്പിക്കേണ്ടതാണ്.

20. റോഡപകടങ്ങളിൽ ഉൾപ്പെട്ടവരുടെ ജീവൻ രക്ഷിക്കുന്നതിനായുള്ള എല്ലാവിധ പ്രാഥമിക നടപടികളും സ്ക്വാഡ് കൈക്കൊള്ളേണ്ടതും 'ഗോൾഡൻ ഹവറിൽ'- തന്നെ അടിയന്തര വൈദ്യസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

21. ട്രാഫിക് തടസ്സങ്ങൾ ഉണ്ടാകുന്ന സ്ഥലങ്ങളിൽ ഗതാഗതം സുഗമമായി തിരിച്ചുവിടുന്നതിനുള്ള നടപടികൾ പോലീസ് വകുപ്പുമായി ചേർന്ന് നടപ്പിലാക്കുന്നതിന് സ്ക്വാഡുകൾ ശ്രദ്ധിക്കേണ്ടതാണ്. ഇതിനായി മേജർ റൂട്ടുകൾ, ബൈപ്പാസ്സുകൾ, ഷോർട്ട് കട്ടുകൾ എന്നിവ മനസ്സിലാക്കി ഒരു ഇലക്ട്രോണിക് ആപ്ലിക്കേഷൻ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

22. അമിതവേഗം, സ്കൂൾ സോണുകളിലുള്ള ട്രാഫിക് നിയമ ലംഘനങ്ങൾ, നിയമവിരുദ്ധ പാർക്കിംഗ്, മറ്റ് റോഡ് മോട്ടോർ വാഹന നിയമ ലംഘനങ്ങൾ എന്നിവ സ്ക്വാഡുകളുടെ പരിശോധന വിഷയങ്ങളിലെ പ്രധാനപ്പെട്ടവ ആയിരിക്കേണ്ടതാണ്.

23. കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ ഫണ്ട് ഉപയോഗിച്ചോ അതോറിറ്റി വഴിയോ സ്ഥാപിച്ചിട്ടുള്ള ക്യാമറകൾ, സിഗ്നലുകൾ, സൈൻബോർഡുകൾ, മറ്റ് ഉപകരണങ്ങൾ വസ്തുവകകൾ എന്നിവ, അതതുസംഗതിപോലെ, പ്രവർത്തനക്ഷമവും ഉപയോഗപ്രദവുമാണെന്ന് ഉറപ്പുവരുത്തുന്നതിനും ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും ആർ.ടി.ഒ (എൻഫോഴ്സ്മെൻറ്) ഉത്തരവാദിയായിരിക്കുന്നതും ഇതിൽ നോഡൽ ഓഫീസറുടെ ശ്രദ്ധ ഉണ്ടായിരിക്കേണ്ടതുമാണ്.

24. സ്ക്വാഡുകളിൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാർ പ്രാദേശിക തലങ്ങളിൽ റോഡ് സുരക്ഷാ ബോധവൽക്കരണ ക്ലാസുകൾ എല്ലാ വിഭാഗം ജനങ്ങൾക്ക് വേണ്ടിയും നടത്തേണ്ടതാണ്.

25. റോഡ് അപകടങ്ങൾ നടന്ന സ്ഥലത്ത് സ്ക്വാഡ് അടിയന്തരമായി എത്തുകയും അപകടം സംബന്ധിച്ച് സ്വന്തമായി ഒരു റിപ്പോർട്ട് തയ്യാറാക്കി ആർ.ടി.ഒ (എൻഫോഴ്സ്മെൻറ്)-ന് നൽകുകയും ചെയ്യേണ്ടതാണ്. പോലീസിൻറെ റിപ്പോർട്ട് തയ്യാറാക്കുന്നതിൽ സഹായം നൽകാനും അവരിൽ നിന്ന് അത്യാവശ്യം വേണ്ട വിവരങ്ങൾ ശേഖരിക്കുവാനും എൻഫോഴ്സ്മെൻറ് സ്ക്വാഡിന് അവകാശമുണ്ടായിരിക്കുന്നതാണ്. റിപ്പോർട്ട് തയ്യാറാക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നോഡൽ ഓഫീസർ തയ്യാറാക്കി നൽകേണ്ടതാണ്.

26. ഓരോ ആർ.ടി.ഒ (എൻഫോഴ്സ്മെൻറ്) -യും അതിൻറെ അധികാരപരിധിയിൽ ഉണ്ടാകുന്ന അപകടങ്ങളുടെ എണ്ണം, മരണ സംഖ്യ, ഗുരുതരമായ പരിക്കേറ്റവരുടെ എണ്ണം, അപകടത്തിൽ ഉൾപ്പെട്ട വാഹനങ്ങളുടെ തരം, സമയം, സ്ഥലം, കാരണം തുടങ്ങിയവ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു റിപ്പോർട്ടും അപകട നിരക്കിലെ താരതമ്യ റിപ്പോർട്ടും ഗതാഗത കമ്മീഷണർക്കും റോഡ് സുരക്ഷാ അതോറിറ്റിയ്ക്കും ഓരോ ആറ് മാസത്തിലും സമർപ്പിക്കേണ്ടതാണ്.

27. 2007-ലെ കേരള റോഡ് സുരക്ഷാ അതോററ്റി ആക്റ്റിലെ 14,15,16 വകുപ്പുകൾ പ്രകാരം നടപടി സ്വീകരിക്കുന്നതിന് ആവശ്യമാണെന്ന് കാണുന്ന പക്ഷം എൻഫോഴ്സ്മെൻറ് സ്ക്വാഡിലെ ഉദ്യോഗസ്ഥരെ റോഡ് സുരക്ഷാ കമ്മീഷണർക്ക് നിയോഗിക്കാവുന്നതാണ്.

28. സംസ്ഥാനത്ത് റോഡപകടങ്ങൾ കുറയ്ക്കുക എന്നതാണ് 'സേഫ് കേരള' പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. അതിനാൽ ഈ ഉദ്ദേശ്യ ലക്ഷ്യം നേടുന്നതിന് വേണ്ടി സ്ക്വാഡിലെ ഓരോ അംഗവും പ്രവർത്തിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**സിനി .ജെ .ഷുക്കൂര്**
**ജോയിന്റ് സെക്രട്ടറി**

ട്രാൻസ്പോർട്ട് കമ്മീഷണർ, തിരുവനന്തപുരം.
റോഡ് സേഫ്റ്റി കമ്മീഷണർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്/ എ&ഇ) കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
ബന്ധപ്പെട്ട ട്രഷറി ഓഫീസർക്ക്, (മുഖേനെ)
വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:ബഹു.മുഖ്യമന്ത്രിയുടെ പി.എസ്.
ബഹു.ഗതാഗത വകുപ്പ് മന്ത്രിയുടെ പി.എസ്.
ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ.

'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

ഗതാഗത വകുപ്പ് - ജീവനകാര്യം - സേഫ് കേരള പദ്ധതി - സംസ്ഥാനതല നോഡൽ ഓഫീസറെ നിയമിച്ച - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഗതാഗതം(സി)വകുപ്പ്

**സ.ഉ.(സാധാ) നം.115/2019/ഗതാഗതം** തീയതി,തിരുവനന്തപുരം, 20/03/2019

---

പരാമർശം:- 1 സ.ഉ(കൈ)നമ്പർ.20/2019/ഗതാഗതം തീയതി02.03.2019.

2 ബഹു.ഗതാഗത വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയുടെ 12.03.2019-ലെ 646/PS/2019/M(T)നമ്പർ കുറിപ്പ്.

<u>ഉത്തരവ്</u>

പരാമർശം (1) ലെ ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന സേഫ് കേരള പദ്ധതിയുടെ സംസ്ഥാനതല നോഡൽ ഓഫീസറുടെ അധികച്ചുമതല ആലപ്പുഴ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറായ ശ്രീ.ഷിബു കെ.ഇട്ടിക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

2)സേഫ് കേരള പദ്ധതിയുടെ സംസ്ഥാനതല നോഡൽ ഓഫീസർ എന്ന നിലയിൽ ശ്രീ.ഷിബു കെ.ഇട്ടി, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർക്കു പ്രത്യേക അലവൻസിനു അർഹത ഉണ്ടായിരിക്കുന്നതല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**കെ.ആര്.ജ്യോതിലാല്**
**പ്രിന്സിപ്പല് സെക്രട്ടറി**

ട്രാൻസ്പോർട്ട് കമ്മീഷണർ, തിരുവനന്തപുരം.
ശ്രീ.ഷിബു.കെ.ഇട്ടി, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ, (ട്രാൻസ്പോർട്ട് കമ്മീഷണർ, മുഖേനെ)
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/ എ&ഇ) കേരളം, തിരുവനന്തപുരം.
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ